(സി) ധനകാര്യവകുപ്പിന്റെ 12-6-2002-ലെ 43/02/ഫിൻ. എന്ന സർക്കുലർ പ്രകാരം പലിശനിരക്കും പിഴപ്പലിശ നിരക്കും സഹകരണസംഘങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് 1-4-2002 മുതലാണ് വർദ്ധിപ്പിച്ചത്. കയർ സഹകരണ സംഘങ്ങൾക്കു മാത്രമായി പലിശനിരക്ക് കുറവ് ചെയ്യാൻ നിർവ്വാഹമില്ല.

വിഴിഞ്ഞം മത്സ്യബന്ധന തുറമുഖ വികസന പദ്ധതി

102 [2754] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം മത്സ്യബന്ധന തുറമുഖ വികസനത്തിന് ഏതെങ്കിലും സ്വകാര്യ കമ്പനിയുമായി ധാരണാപത്രത്തിൽ ഒപ്പിട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏത് കമ്പനിയുമായാണ് ധാരണയിലെത്തിയത്; വിശദാംശം വെളിപ്പെടുത്തുമോ;

(സി) എത്ര രൂപയാണ് പ്രസ്തുത വികസന പദ്ധതിക്കുവേണ്ടി ചെലവഴിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒപ്പിട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

കൊയിലാണ്ടി ഫിഷിംഗ് ഹാർബറിന്റെ പ്രവൃത്തി

103 [2755] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി ഫിഷിംഗ് ഹാർബറിനുവേണ്ടി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടായെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ എത്ര തുകയാണെന്ന് അറിയിക്കാമോ;

(സി) ഫിഷിംഗ് ഹാർബറിന്റെ പ്രവൃത്തി എപ്പോൾ തുടങ്ങാനാകുമെന്ന് വെളിപ്പെടുത്താമോ;

(ഡി) സർവ്വേ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) നൂറുരൂപ (ടോക്കൺ പ്രൊവിഷൻ).

(സി) പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി തുടങ്ങുന്നതാണ്.

(ഡി) ഉണ്ട്.

(ഇ) ബാധകമല്ല.

കണ്ണൂർ ജില്ലയിലെ അഴീക്കൽ തുറമുഖ വികസന പദ്ധതി

104 [2756] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ അഴീക്കൽ തുറമുഖ വികസനത്തിന്റെ ഭാഗമായി എത്ര മീറ്റർ നീളത്തിലുള്ള പുലിമുട്ടാണ് നിർമ്മിക്കുന്നത്;

(ബി) പ്രസ്തുത പണി ഏത് കരാറുകാരനാണ് നടത്തുന്നത്;

(സി) പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും എപ്പോൾ പൂർത്തിയാകുമെന്നും അറിയിക്കാമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ അഴീക്കൽ തുറമുഖ വികസനത്തിന്റെ ഭാഗമായി അഴീക്കൽ ഭാഗത്ത് 1150 മീറ്ററും മാട്ടൂർ ഭാഗത്ത് 1070 മീറ്ററും നീളത്തിലുള്ള പുലിമുട്ടുകളാണ് നിർമ്മിക്കുന്നത്.

(ബി) ശ്രീ. ഉമ്മൻ പണിക്കർ, ടോപ്പ് കൺസ്ട്രക്ഷൻ, ടോപ്പ് മാനർ, പനവേലി പി. ഒ., കൊട്ടാരക്കരയാണ് കരാറുകാരൻ.

(സി) അഴീക്കൽ ഭാഗത്തെ പുലിമുട്ട് 996 മീറ്ററും മാട്ടൂർ ഭാഗത്തെ പുലിമുട്ട് 675 മീറ്ററും ഭാഗികമായി പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന മാട്ടൂർ ഭാഗത്തെ പണി പുരോഗമിച്ചു വരുന്നു. 2004 നവംബർ മാസത്തോടെ പണി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly